കോഴിക്കോട് ക്ഷണിക്കുന്നു ലോകത്തെ

സെലിബ്രിറ്റീസും രാഷ്ട്രീയനേതാക്കളും നമ്മുടെ ആരോഗ്യസംവിധാനത്തിൽ വിശ്വാസമർപ്പിക്കാതെ എന്തുചികിത്സയ്ക്കും പുറത്തേക്ക് പോവുന്നത് അവസാനിപ്പിക്കണം. അവിടത്തെ അതേ ചികിത്സ കുറഞ്ഞ ചെലവിൽ വിദഗ്ധരുടെ സഹായത്തോടെ ഇവിടെ ലഭിക്കും. നമ്മൾ തിരഞ്ഞെടുത്ത ആൾക്കാർതന്നെ എതിരായി ചെയ്യുന്നത് തിരിച്ചടിയാവും. നമുക്ക് ലോകത്തിനുമുൻപിൽ ഉദാഹരണങ്ങൾ കാണിച്ചുകൊടുക്കാൻ കഴിയണം.

ഡോ. മിലി മണി
മാനേജിങ് ഡയറക്ടർ, സീനിയർ ഗൈനക്കോളജിസ്റ്റ് ആൻഡ് ലാപ്രോസ്കോപിക് സർജൻ, മലബാർ ഹോസ്പിറ്റൽസ് എരഞ്ഞിപ്പാലം

ഹെൽത്ത് ടൂറിസത്തിൽ കോഴിക്കോടിന്റെ മാത്രം സവിശേഷതകൾ എന്താണ്. എന്തുകൊണ്ട് മറു രാജ്യക്കാർ ഇവിടെ ചികിത്സതേടിയെത്തണം

യൂറോപ്യൻ രാജ്യങ്ങളിൽ മൂന്നും നാലും മാസംവരെയെടുക്കും ഒരു ഡോക്ടറുടെ അപ്പോയിൻമെന്റ് ലഭിക്കാൻമാത്രം. രോഗനിർണയം നടത്തി അതിനുശേഷം ശസ്ത്രക്രിയയിലേക്ക് നീങ്ങുമ്പോൾ അതിഭീമമായ ചെലവുവരും. ഇവിടെ ഏറ്റവുംകുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭിക്കുമെന്നതുതന്നെയാണ് പ്രധാനം. സൗകര്യങ്ങളിലും സാങ്കേതികവിദ്യയിലും നമ്മൾ അപ്ഡേറ്റഡാണ്. വിദേശങ്ങളിലുള്ളതിനെക്കാൾ വൈദഗ്ധ്യമുള്ള ഡോക്ടർമാരും നമുക്കുണ്ട്. ഒന്നും കാണാതെ ഇക്വിറ്റി കമ്പനികൾ ഇവിടെ ആരോഗ്യമേഖലയിൽ നിക്ഷേപം നടത്തില്ല.

മൂന്നുമാസം കൺസൽട്ടന്റിനെ കിട്ടാൻ കാത്തിരിക്കുന്നതിലും നല്ലത് ഇവിടെവന്ന് ചികിത്സ തേടി പോവുന്നതല്ലേ. പല്ലുപറിക്കാൻ പോലും അമേരിക്കയിൽനിന്നും യൂറോപ്പിൽനിന്നുംവരെ ആളുകൾ ഇവിടെയെത്തുന്നുണ്ട്. രോഗിക്ക് ഡോക്ടറോട് വൺ ടു വൺ ആയി സംസാരിക്കാൻ ഇവിടെ കഴിയും. എന്റെ മേഖല ഗൈനക്കോളജിയാണ്. വിദേശത്ത് ഗൈനക്കോളജിസ്റ്റ് സഹായിവഴിയാണ് സംസാരിക്കുക. രോഗിയുമായി നേരിട്ട് ഇടപെട്ട് കാര്യങ്ങൾ മനസ്സിലാക്കുന്നതിലൂടെ പലതരം സങ്കീർണതകളിൽനിന്ന് നമുക്ക് രക്ഷിക്കാൻ കഴിയും. അത്തരമൊരു ബെസ്റ്റ് മെഡിസിൻ പ്രാക്ടീസാണ് ഇവിടെയുള്ളത്. മാത്രമല്ല, വിനോദസഞ്ചാരകേന്ദ്രങ്ങൾ ഉണ്ട്. വയനാടിനെപ്പോലുള്ള ഹിൽസ്റ്റേഷന്റെ സാമീപ്യമുണ്ട്. ഇതെല്ലാം ആകർഷണീയമാണ്.

MALABAR GOLD & DIAMONDS
THE RESPONSIBLE JEWELLER™

ആശുപത്രികളുടെ എണ്ണവും വൈവിധ്യവും എത്രമാത്രം പ്രയോജനംചെയ്യുന്നുണ്ട്. കോഴിക്കോടാണോ ഇത്രയേറെ ആശുപത്രികളുള്ള നഗരം

കോഴിക്കോട്ട് റസ്റ്ററന്റുപോലെ ഓരോ മുക്കിലും മൂലയിലും ആശുപത്രികളാണ്. കോർപ്പറേറ്റ് ആശുപത്രികളും ഇടത്തരം ആശുപത്രികളും ചെറുകിട ആശുപത്രികളും എല്ലാമുണ്ട്. ചെറുകിട, ഇടത്തരം ആശുപത്രികൾക്ക് കോർപ്പറേറ്റ് ആശുപത്രികൾ ഒരിക്കലും ഭീഷണിയല്ല. കൂടുതൽ ഇനവേറ്റീവായി മാറിയാൽ ചെറിയ ആശുപത്രികൾക്ക് സ്മാർട്ട് ആശുപത്രികളായി മാറാൻ കഴിയും. വ്യക്തിഗത പരിചരണവും ചികിത്സച്ചെലവും പ്രധാനമാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്കാണ് നമ്മൾ മൂവുചെയ്യാൻ പോവുന്നത്. അതുകൊണ്ട് ടെലിമെഡിസിന് കൂടുതൽ പ്രാധാന്യം നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിദേശരാജ്യങ്ങളിലുള്ളവർക്ക് ടെലിമെഡിസിൻ വഴി കൃത്യമായ നിർദേശങ്ങൾ നൽകാൻ കഴിയും. നേരിട്ടുള്ള ചികിത്സ ആവശ്യമായിവരുമ്പോൾ ഇവിടേക്ക് എത്തിയാൽമതി. നമ്മുടെ ആശുപത്രികളിലേക്ക് മറുനാടുകളിലുള്ളവരെ ആകർഷിക്കാനുള്ള കണക്ടിവിറ്റിയാണ് ടെലിമെഡിസിൻ. അതുകൊണ്ട് ടെലിമെഡിസിൻ നിർബന്ധമായും പ്രോത്സാഹിപ്പിക്കപ്പെടണം. പിന്നെ നമ്മൾ നമ്മളെ എങ്ങനെ അവതരിപ്പിക്കുന്നു എന്നത് പ്രധാനമാണ്. നമ്മുടേത് ബെസ്റ്റ് ഓഫ് ദ ബെസ്റ്റ് ഡോക്ടർമാർതന്നെയാണ് അമേരിക്കയിലേക്കും മറ്റും പോവുന്നത്.

THE RAVIZ KADAVU, CALICUT
OCTOBER 1, 2026

ആയുർദൈർഘ്യത്തിന്റെ ഹബ്ബാക്കി കേരളത്തെ മാറ്റാൻ കഴിയുമോ

നമ്മൾ പ്രാക്ടീസുചെയ്യാൻ പോവുന്നത് പ്രഡിക്ടീവ് ആൻഡ് പ്രിവന്റീവ് ഹെൽത്ത് കെയർ ആണ്. ഒരു അസുഖം വന്നിട്ട് അത് എങ്ങനെ ചികിത്സിക്കണം എന്നല്ല. ആ അസുഖം വരാതിരിക്കാൻ നമ്മൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യണം എന്നുള്ളതാണ്. രോഗസാധ്യത കണ്ടെത്താനുള്ള ജനിതകനിർണയ ചികിത്സയാണ് അടുത്ത ജനറേഷൻ ചികിത്സാരീതി. ജിനോമിക് സ്റ്റഡീസിലൂടെ പല രോഗങ്ങളെയും തടയാൻ കഴിയും.

ഹെൽത്ത് ടൂറിസം വളർത്തുന്നതിൽ സർക്കാരിന് എന്തു റോളാണ് നിർവഹിക്കാനുള്ളത്

ഗ്ലോബൽ കണക്ടിവിറ്റി മെച്ചപ്പെടുത്താൻ സർക്കാർ മുൻകൈയെടുക്കണം. കോഴിക്കോട് വിമാനത്താവളത്തിലേക്ക് വലിയ വിമാനസർവീസുകൾ വരണം. കൂടുതൽ രാജ്യങ്ങളിലേക്ക് സർവീസ് വേണം. അപ്പോഴേ ആളുകൾ ഇവിടേക്ക് എത്തുകയുള്ളൂ.

RAVIZ HOTELS & RESORTS
ASHTAMUDI | KOVALAM | KADAVU | CALICUT

സ്പോൺസർമാർ മുഖ്യമന്ത്രിയുടെ വായ മൂടിക്കെട്ടിയിരിക്കുകയാണോ -ചിന്താ ജെറോം

മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണറെ പുറത്താക്കണമെന്നാവശ്യപ്പെട്ട് ഡൽഹിയിൽ സമരംചെയ്ത നേതാക്കളെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിച്ച് ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ചിന്താ ജെറോമിന്റെ നേതൃത്വത്തിൽ പ്രവർത്തകർ കോഴിക്കോട് നഗരത്തിൽ നടത്തിയ മാർച്ച്

കോഴിക്കോട് ▸ ബി.ജെ.പി.ക്കെതിരേ ശബ്ദിക്കാതിരിക്കാൻ സ്പോൺസർമാർ മുഖ്യമന്ത്രി വി.ഡി. സതീശന്റെ വായ മൂടിക്കെട്ടിയിരിക്കുകയാണോയെന്ന് ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ചിന്താ ജെറോം. മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണറെ പുറത്താക്കണമെന്നാവശ്യപ്പെട്ട് ഡൽഹിയിൽ സമരംചെയ്ത ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. നേതാക്കളെ അറസ്റ്റ് ചെയ്തതിൽ ഡി.വൈ.എഫ്.ഐ ജില്ലാകമ്മിറ്റി നടത്തിയ പ്രതിഷേധം ഉദ്ഘാടനംചെയ്യുകയായിരുന്നു അവർ. ചോദ്യം ചോദിക്കുന്ന മാധ്യമങ്ങളോട് മാറിനിൽക്കാൻ പറയുന്ന മുഖ്യമന്ത്രിയോട് വൈദ്യുതി മുടക്കവും നാട്ടിലെ പ്രശ്നങ്ങളും കാരണം മാറിനിൽക്കാനാണ് ജനങ്ങൾക്കും പറയാനുള്ളത്.

അധികാരം കൈയിൽ കിട്ടിയതുമുതൽ ഏകാധിപത്യസ്വഭാവത്തിലേക്ക് രാജ്യത്തെ കൊണ്ടുപോകാനാണ് നരേന്ദ്രമോദി ശ്രമിക്കുന്നത്. മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ രാജിവെക്കുന്നതുവരെ ശക്തമായ പോരാട്ടങ്ങൾക്ക് ഡി.വൈ.എഫ്.ഐ. നേതൃത്വം നൽകുമെന്നും ചിന്താ ജെറോം പറഞ്ഞു.

ഡി.വൈ.എഫ്.ഐ. ജില്ലാ ട്രഷറർ കെ.എം. നിനു അധ്യക്ഷയായി. ജില്ലാ സെക്രട്ടറി കെ. അരുൺ, സംസ്ഥാനകമ്മിറ്റി അംഗങ്ങളായ ഫഹദ് ഖാൻ, അഭിത്ത്, പി. ശാരുതി തുടങ്ങിയവർ സംസാരിച്ചു. ഡി.വൈ.എഫ്.ഐ. ജില്ലാ ഓഫീസിൽനിന്ന് തുടങ്ങിയ മാർച്ച് കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന് മുന്നിൽ സമാപിച്ചു.

പ്രൊഫ. പി. ജയേന്ദ്രൻ അനുസ്മരണം ഇന്ന്


പ്രൊഫ. പി. ജയേന്ദ്രൻ

കോഴിക്കോട് ▸ എഴുത്തുകാരനും വിവർത്തകനും ദേവഗിരി സെയ്ന്റ് ജോസഫ് കോളേജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയുമായിരുന്ന പ്രൊഫ. പി. ജയേന്ദ്രന്റെ അനുസ്മരണയോഗം ശനിയാഴ്ച നടക്കും. മാതൃഭൂമി ബുക്സിന്റെ നേതൃത്വത്തിൽ വൈകീട്ട് അഞ്ചിന് കെ.പി. കേശവമേനോൻ ഹാളിലാണു പരിപാടി.

എല്ലാവരെയും ഉൾക്കൊള്ളുന്ന സ്നേഹസംസ്കാരം വളരണം -ആർച്ച് ബിഷപ്പ്

മിഷ് ഹാർമണി ഫെസ്റ്റ് തുടങ്ങി

പുഞ്ചിരിയുടെ മനുഷ്യപക്ഷം ....

കോഴിക്കോട് സി.എസ്.ഐ. ഹാളിൽ മലബാർ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ഹാർമണി (മിഷ്) സംഘടിപ്പിച്ച ഹാർമണി ഫെസ്റ്റ് ഉദ്ഘാടനംചെയ്യാനെത്തിയ ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, പാളയം ജുമാമസ്ജിദ് ചീഫ് ഇമാം ഡോ. ഹുസൈൻ മടവൂർ, ശ്രീരാമകൃഷ്ണ സേവാശ്രമം സെക്രട്ടറി സ്വാമി നരസിംഹാനന്ദ എന്നിവർ സൗഹൃദം പങ്കുവെച്ചപ്പോൾ

കോഴിക്കോട് ▸ എല്ലാവരെയും ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുന്ന സ്നേഹസംസ്കാരം നാട്ടിൽ വളരുകയും പുതിയ തലമുറയിലേക്ക് പകരുകയും ചെയ്യണമെന്ന് ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ. മിഷ് (മലബാർ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ഹാർമണി) മാനാഞ്ചിറ സി.എസ്.ഐ. ഹാളിൽ സംഘടിപ്പിച്ച ഹാർമണി ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന ദൃഢബോധ്യം വേണം. സ്നേഹബന്ധങ്ങൾ തകരുന്നിടത്താണ് കുടുംബത്തിന്റെയും സമൂഹത്തിന്റെയും നാശം സംഭവിക്കുന്നത്. ബഹുമതസംസ്കാരത്തിൽനിന്ന് നാട് പിന്നോട്ടുപോകരുത്. അങ്ങനെ സംഭവിച്ചാൽ രാജ്യം തകരും. വാസുദേവനും സതിയും അബൂബക്കറും നബീസയും ജോസും മേരിയും ഏകോദര സഹോദരങ്ങളായി ജീവിക്കുമ്പോഴാണ് ഇന്ത്യ, ഇന്ത്യയാവുന്നതെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു.

ഏകതയുടെ ജ്ഞാനമാണ് യഥാർഥജ്ഞാനമെന്നും വേദങ്ങൾ പഠിപ്പിക്കുന്നത് അതാണെന്നും ശ്രീരാമകൃഷ്ണസേവാശ്രമം സെക്രട്ടറി സ്വാമി നരസിംഹാനന്ദ പറഞ്ഞു. വേദമെന്നതിന് ജ്ഞാനമെന്നും അർഥമുണ്ട്. ദൈവസാന്നിധ്യം തന്നെയാണ് സ്നേഹം. ഇതുള്ളിടത്ത് വിദ്വേഷവും വെറുപ്പും ഭിന്നതയും രക്തച്ചൊരിച്ചിലുമൊന്നും ഉണ്ടാവില്ല -സ്വാമി പറഞ്ഞു.

വൈവിധ്യമില്ലാതെ ഭൂമിയിൽ മനുഷ്യജീവിതം സാധ്യമല്ലെന്നതിനാൽ വ്യത്യാസങ്ങൾ കണ്ട് നാം പരസ്പരം അകന്നുനിൽക്കേണ്ടതില്ലെന്ന് പാളയം ചീഫ് ഇമാം ഡോ. ഹുസൈൻ മടവൂർ പറഞ്ഞു. മാനുഷികമൂല്യങ്ങൾ പാലിക്കപ്പെടുമ്പോൾ സമൂഹത്തിൽ എല്ലാവർക്കും സന്തോഷത്തോടെ ജീവിക്കാനാവും. എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് പരസ്പരസ്നേഹമാണ് -ചീഫ് ഇമാം പറഞ്ഞു.

ഹാർമണി ഫെസ്റ്റിനോടനുബന്ധിച്ച് നടന്ന ഫോട്ടോപ്രദർശനം ഉദ്ഘാടനംചെയ്തശേഷം കാണുന്ന മേയർ ഒ. സദാശിവൻ. മിഷ് പ്രസിഡന്റ് പി.വി. ചന്ദ്രൻ, ഡോ. കെ. മൊയ്തു, സനാഫ് പാലക്കണ്ടി എന്നിവർ സമീപം

പ്രൊഫ. പി. പത്മനാഭൻ അധ്യക്ഷതവഹിച്ചു. മോൺസിഞ്ഞോർ ജെൻസൻ പുത്തൻവീട്ടിൽ, പുത്തൂർമഠം ചന്ദ്രൻ, മുസ്തഫ മുഹമ്മദ്, സി.ഇ. ചാക്കുണ്ണി, ഡോ. കെ. മൊയ്തു, ലത്തീഫ് പാലക്കണ്ടി എന്നിവർ സംസാരിച്ചു.

ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ള ഫോട്ടോ-വീഡിയോ പ്രദർശനം രാവിലെ മേയർ ഒ. സദാശിവൻ ഉദ്ഘാടനംചെയ്തു.

മിഷ് പ്രസിഡന്റ് പി.വി. ചന്ദ്രൻ അധ്യക്ഷതവഹിച്ചു. നസീർ ഹുസൈൻ, ജോഹർ ടാംടൺ തുടങ്ങിയവർ സംസാരിച്ചു. ഞായറാഴ്ച 4.30-ന് ചേരുന്ന സമാപനസമ്മേളനം മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനംചെയ്യും. അദ്ദേഹം തൂഫാൻ സന്ദേശം നൽകും.

പനിച്ചുവിറയ്ക്കുന്നു

രണ്ടുമാസത്തിനിടെ ജില്ലയിൽ പനിബാധിച്ച് ചികിത്സതേടിയത് 48,437 പേർ

എലിപ്പനി ബാധിച്ച് എട്ടുമരണം

കോഴിക്കോട് ▸ ഒന്നരമാസത്തിനിടെ ജില്ലയിൽ പനിയെത്തുടർന്ന് ചികിത്സതേടിയത് 48,437 പേർ. 312 പേർക്കാണ് ഇൻഫ്ലുവൻസ വന്നത്. ആരോഗ്യവകുപ്പിന്റെ കണക്കുപ്രകാരമാണിത്.

പനിയും ഇൻഫ്ലുവൻസയും

സെപ്റ്റംബറിൽമാത്രം പനിയെത്തുടർന്ന് ചികിത്സതേടിയത് 19,997 പേരാണ്. കഴിഞ്ഞദിവസങ്ങളിൽ പനിയെത്തുടർന്ന് ശരാശരി 700-750 പേരൊക്കെയാണ് ആശുപത്രികളിലെത്തിയത്.

പനിയും തുമ്മലും തലവേദനയുമൊക്കെത്തന്നെയാണ് എല്ലാ പനിയുടെയും പൊതുവിലുള്ള ലക്ഷണം. എന്നാൽ, വിട്ടുമാറാത്ത ശരീരവേദന, കഫക്കെട്ട്, അസാധാരണമായ ക്ഷീണം എന്നിവയൊക്കെയാണ് ഇൻഫ്ലുവൻസയുള്ളവരിൽ കാണുന്നത്. സാധാരണരീതിയിൽ മൂന്നു ദിവസംകൊണ്ട് പനി കുറയും. പനി ശക്തമാണെങ്കിൽ ഒരാഴ്ചയൊക്കെ കഴിഞ്ഞാൽ മാത്രമേ സുഖപ്പെടൂ.

ഡെങ്കി, എലിപ്പനി, മലേറിയ

ഡെങ്കിപ്പനിയും എലിപ്പനിയുമാണ് പലഭാഗത്തും പടരുന്നത്. ഇക്കാലയളവിൽ ചിക്കുൻഗുനിയ പൊതുവേ ജില്ലയിൽ റിപ്പോർട്ടുചെയ്തിട്ടില്ല.

ഡെങ്കി സംശയിക്കുന്ന 1168 പേർ ചികിത്സതേടി. 422 പേർക്കാണ് ഡെങ്കി സ്ഥിരീകരിച്ചത്. എലിപ്പനി ബാധിച്ച് എട്ടുപേർ മരിച്ചു. 75 പേർക്ക് രോഗം സ്ഥിരീകരിച്ചു. സംശയിക്കുന്ന 781 പേരും ചികിത്സതേടി. സെപ്റ്റംബറിൽ മാത്രം 10 പേർക്കാണ് മലേറിയ വന്നത്. നഗരപരിധിയിലും കുറ്റ്യാടി, പെരുവയൽ, തിരുവള്ളൂർ, കൊടുവള്ളി തുടങ്ങിയ ഭാഗങ്ങളിലെല്ലാം രോഗം സ്ഥിരീകരിച്ചു.

ഡെങ്കി: കൊതുകുനിയന്ത്രണം പ്രധാനം

- ഈഡിസ് കൊതുകുകളാണ് ഡെങ്കിപ്പനി പരത്തുന്നത്. കൊതുകുകടിയേൽക്കാത്ത രീതിയിൽ വസ്ത്രംധരിക്കുക
- ശക്തമായ മഴപെയ്യുമ്പോൾ കൂത്താടികൾ നശിക്കും. അപ്പോൾ കൊതുകും കുറവായിരിക്കും. എന്നാൽ, അങ്ങനെയല്ലാത്തപ്പോൾ കെട്ടിനിൽക്കുന്ന വെള്ളം കൊതുകിന്റെ കേന്ദ്രമാകും.
- ചിരട്ട, ടയർ, പ്ലാസ്റ്റിക് കുപ്പികൾ, ഫ്രിഡ്ജിന്റെ ട്രേ എന്നിവിടങ്ങളിലെല്ലാം കൊതുകുകൾ മുട്ടയിടാം. മുട്ടത്തോടുപോലുള്ളവ പറമ്പിൽ അലക്ഷ്യമായി വലിച്ചെറിഞ്ഞാൽ അതിൽ വെള്ളം കെട്ടിനിൽക്കും.
- ക്ഷീണം, നിർജലീകരണം എന്നിവ മറികടക്കാൻ ഒ.ആർ.എസ്. കുടിക്കുക. മുഖാവരണം ധരിക്കുക.

മലേറിയയും ശ്രദ്ധിക്കണം

മലേറിയ കൂടുതൽ മറുനാട്ടിൽനിന്നുള്ളവർക്കാണ് കണ്ടുവരുന്നത്. പലയിടത്തും രോഗമുണ്ട്. കോഴിക്കോടും കുറച്ചുപേർക്കുണ്ട്. ലക്ഷണമുണ്ടായാൽ കൃത്യമായി ചികിത്സ തേടണം.

ഡോ.എൽ.ടി. സരിതകുമാരി
(ഡി.എം.ഒ.)

സ്വയംചികിത്സ നടത്തരുത്

പനിയെന്നത് രോഗലക്ഷണമാണ്. ഇൻഫ്ലുവൻസ വൈറൽരോഗമാണ്. സ്വയംചികിത്സ നടത്താതിരിക്കുക. എലിപ്പനിക്കുംപ്പെടെയുള്ള പ്രതിരോധമരുന്നുകളും മറ്റുമരുന്നുകളും ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്.

ഡോ. വി.പി. രാജേഷ്
(ജില്ലാ സർവയലൻസ് ഓഫീസർ, അഡീഷണൽ ഡി.എം.ഒ.)

ഹോമിയോ കോളേജിൽ ഒഴിവുകൾ

കോഴിക്കോട് ▸ ഗവ. ഹോമിയോ മെഡിക്കൽകോളേജ് ആശുപത്രിയിൽ വിവിധ ഒഴിവുകളുണ്ട്. ഒക്ടോബർ അഞ്ചിന് ഇലക്ട്രീഷ്യൻ കം പ്ലംബർ എന്ന തസ്തികയിലേക്കും ഒക്ടോബർ ആറിന് ഫിസിയോതെറാപ്പിസ്റ്റ്, മൾട്ടി പർപ്പസ് വർക്കർ തസ്തികകളിലേക്കും അഭിമുഖം നടക്കും. ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ. പ്രായപരിധി 45. ഉദ്യോഗാർഥികൾ രാവിലെ ഒൻപതിന് ആശുപത്രി കോൺഫറൻസ് റൂമിൽ ഹാജരാകണം.

ജില്ലാതല ക്വിസ് മത്സരം

തുറയൂർ ▸ സമത കലാസമിതി നടത്തുന്ന 22-ാമത് കെ.എം. സനൂപ് സ്മാരക ജില്ലാതല ക്വിസ് മത്സരം ഒക്ടോബർ രണ്ടിന് രണ്ടുമണിക്ക് നടക്കും. വിവരങ്ങൾക്ക് 8943925826, 8086273743.

കമ്പോള വിലനിലവാരം

കോഴിക്കോട്	
സ്വർണം (22 കാരറ്റ്) 8 ഗ്രാം	1,12,080
തങ്കം (24 കാരറ്റ്) 10 ഗ്രാം	1,47,800
വെള്ളി (കിലോ)	2,35,800
വെളിച്ചെണ്ണ	26,300
വെളിച്ചെണ്ണ (മില്ലിങ്)	26,800
കൊപ്ര എടുത്തപടി	16,000
റാസ്	15,600
ദിൽപ്പസന്ത്	16,100
രാജാപൂർ	26,500
ഉണ്ട	21,500
പിണ്ണാക്ക് റോട്ടറി	3700
പിണ്ണാക്ക് എക്സ്പെല്ലർ	3100
എള്ളിൻപിണ്ണാക്ക് എക്സ്	4500
എള്ളെണ്ണ ആർ.ജി.	4800
വടകര കൊട്ടത്തേങ്ങ	19,300-21,300
ചെറിയ കൊട്ടത്തേങ്ങ	20,300-21,300
വലിയ കൊട്ടത്തേങ്ങ	23,300-25,300
കൊയിലാണ്ടി ചുടി (ക്വിന്റൽ)	
ഒന്നാംനമ്പർ	9100
രണ്ടാംനമ്പർ	8300
ബേപ്പൂർ ചൂടി ഒന്നാംനമ്പർ	6500
രണ്ടാംനമ്പർ	6000
കുരുമുളകു നാടൻ	67,000
ചേട്ടൻ	68,500
വയനാടൻ	69,500
ചുക്ക് (പുതിയത്)	30,000-32,500
മഞ്ഞൾ	8000
അടയ്ക്ക (പഴയത്)	35,000
ഏലം പച്ച	1050
റബ്ബർ ആർ.എസ്.എസ്. നാല്	27,000
റബ്ബർ ആർ.എസ്.എസ്. അഞ്ച്	26,000
റബ്ബർ ഒട്ടുപാൽ	16,000
ഉണക്കക്കപ്പ ആന്ധ്ര	2570
പഞ്ചസാര	2480
മൈദ	2100
ആട്ട	1900
സൂചി	2110
ബംഗാൾ ബോധന (ഒന്നാംതരം)	3500
പാലക്കാടൻ മട്ട	4800
പൊന്നി (ഒന്നാംതരം)	5000
പൊന്നി (രണ്ടാംതരം)	4250
കുറുവ (ഒന്നാംതരം)	4800
കുറുവ (രണ്ടാംതരം)	4600
പച്ചരി (പഞ്ചാബ്)	4440
പച്ചരി (കർണാടക)	2960

വടകര മാർക്കറ്റ്	
രാജാപ്പൂർ	27,000
ഉണ്ട	21,500
കൊപ്ര	16,000
കൊട്ടത്തേങ്ങ	15,000 - 17,000
അടയ്ക്ക	34,000
കുരുമുളക്	66,000
പച്ചത്തേങ്ങ	5,000

കല്പറ്റ	
കുരുമുളക്	69,000
വയനാടൻ	70,000
കാപ്പിപ്പരിപ്പ്	37,000
ഉണ്ടക്കാപ്പി	21,000
ബാഗ് (54 കിലോ)	11,350
റബ്ബർ	25,600
ഇഞ്ചി	5500
ചേന	1400
നേന്ത്രക്കായ	3000

കൊച്ചി	
കുരുമുളക് 500 ജി.എൽ.	68900.00
അൺഗാർബിൾഡ്	69900.00
ഗാർബിൾഡ്	71900.00

മട്ടാഞ്ചേരി മാർക്കറ്റ്	
ആർ.എസ്.എസ്. 4	27700.00
ആർ.എസ്.എസ്. 5	26800 - 27400.00
ആർ.എസ്.എസ്. ലോട്ട്	26000 - 26500.00
ഒട്ടുപാൽ	19500.00
ലാറ്റക്സ്	19300.00

റബ്ബർ മാർക്കറ്റ് - കോട്ടയം	
ആർ.എസ്.എസ്. 4	27700.00
ആർ.എസ്.എസ്. 5	27200.00
ഐ.എസ്.എൻ.ആർ.20	26000.00

മരുന്നുക്ഷാമം പരിഹരിക്കണം -കെ.പി.പി.എ.

കോഴിക്കോട് ▸ പനിമരുന്നായ പാരസീറ്റമോൾമുതൽ പ്രമേഹം, ഉയർന്ന രക്തസമ്മർദം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾക്കും കീമോതെറപ്പി, അപസ്മാരം എന്നിവയ്ക്കും ഉപയോഗിക്കുന്ന മരുന്നുകൾക്കും ഉൾപ്പെടെ സർക്കാർ ആശുപത്രികളിലെ അവശ്യമരുന്നുകളുടെ കടുത്തക്ഷാമം അടിയന്തരമായി പരിഹരിക്കണമെന്ന് ഫാർമസിസ്റ്റ്സ് അസോസിയേഷൻ (കെ.പി.പി.എ.) ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു.

കോഴിക്കോട്ടുനടന്ന യോഗത്തിൽ ജില്ലാപ്രസിഡന്റ് പി.എം. സുരേഷ് അധ്യക്ഷനായി. എ.കെ. റനീഷ്, പി.വി. റാബിയ, എം. ജിജീഷ്, എസ്.ഡി. സലീഷ്, അരുൺ രാജ്, ഷാജു ചെറുക്കാവിൽ, മഹമൂദ് മൂടാടി , ടി.വി. രാഖില, ടി.വി. ഷഫീഖ് എന്നിവർ സംസാരിച്ചു.

എവർ ലെജൻഡ്സ്

1978 മുതൽ 2004 വരെ സംസ്ഥാനത്തെ മികച്ച പുരുഷ-വനിതാ താരങ്ങളായി കോഴിക്കോട്ടെ ഫിയാസ്റ്റോ ക്ലബ് സ്വർണമെഡൽ നൽകി ആദരിച്ച 41 അന്തർദേശീയ താരങ്ങൾ ഫിയാസ്റ്റോ ബാസ്കറ്റ്ബോൾ ക്ലബ്ബിന്റെ അൻപതാം വാർഷികാഘോഷ വേളയിൽ ഒത്തുചേർന്നപ്പോൾ | **ഫോട്ടോ: കെ.കെ. സന്തോഷ്**

ആർ.ഡി.ഡി. ഓഫീസിൽ അധ്യാപകരുടെ സന്ദർശനത്തിന് നിയന്ത്രണം

ഉച്ചയ്ക്ക് മൂന്നിനുശേഷം മാത്രമേ ഓഫീസ് സന്ദർശിക്കാവൂവെന്നും അങ്ങനെ വരുന്നവരുടെ കൈയിൽ പ്രിൻസിപ്പലിന്റെ കത്ത് ഉണ്ടാകണമെന്നുമാണ് പുതിയ വ്യവസ്ഥ

കോഴിക്കോട് ▸ കോഴിക്കോട്-വയനാട് ജില്ലകളിലെ ഹയർസെക്കൻഡറി അധ്യാപകരുടെയും വിദ്യാർഥികളുടെയും ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോഴിക്കോട് റീജണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ അധ്യാപകരുടെ സന്ദർശനത്തിന് നിയന്ത്രണം.

ഉച്ചയ്ക്ക് മൂന്നിനുശേഷം മാത്രമേ ഓഫീസ് സന്ദർശിക്കാവൂവെന്നും അങ്ങനെ വരുന്നവരുടെ കൈയിൽ പ്രിൻസിപ്പലിന്റെ കത്ത് ഉണ്ടാകണമെന്നുമാണ് പുതിയ വ്യവസ്ഥ.

കഴിഞ്ഞദിവസം ചേർന്ന ഓൺലൈൻ യോഗത്തിലാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടത്. അതുകൂടാതെ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യംചെയ്യുന്നതിനായി ഒരു അധ്യാപകനെ ചുമതലപ്പെടുത്തണമെന്നും അവരുടെ വിവരം ഓഫീസിലേക്ക് അയക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

ഒരു ആവശ്യത്തിനായി ഒന്നിലധികം പേർ ഓഫീസിലേക്ക് വിളിക്കേണ്ടെന്നും ചുമതലയുള്ള അധ്യാപകൻ മാത്രം വിളിച്ച് അന്വേഷിച്ചാൽ മതിയെന്നും സൂചിപ്പിച്ചിട്ടുണ്ട്.

പലതരം ഫയലുകളുമായി ബന്ധപ്പെട്ട് ഓഫീസിൽ പോയി, നിരന്തരമായി ഇടപെടേണ്ടിവരുമെന്നും മറ്റെവിടെയുമില്ലാത്ത രീതിയിൽ ഇവിടെ നിയന്ത്രണം വെക്കുന്നത് എന്തിനാണെന്നുമാണ് അധ്യാപകരുടെ ചോദ്യം.

എന്നാൽ, കർശന നിർദേശമല്ലെന്നും കഴിവതും അത്തരം സമയക്രമം പാലിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളതെന്നും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ടിയാണെന്നും ആർ.ഡി.ഡി. ഓഫീസ് അധികൃതർ അറിയിച്ചു.

യൂത്ത് കോൺഗ്രസ് ജില്ലാ ക്യാമ്പ്എക്സിക്യൂട്ടീവ്

യൂത്ത് കോൺഗ്രസ് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച ക്യാമ്പ് എക്സിക്യൂട്ടീവ് ഡി.സി.സി. പ്രസിഡന്റ് കെ. പ്രവീൺകുമാർ എം.എൽ.എ. ഉദ്ഘാടനംചെയ്യുന്നു

കോഴിക്കോട് ▸ യൂത്ത് കോൺഗ്രസ് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച ക്യാമ്പ് എക്സിക്യൂട്ടീവ് ഡി.സി.സി. പ്രസിഡന്റ് കെ. പ്രവീൺകുമാർ എം.എൽ.എ. ഉദ്ഘാടനംചെയ്തു. തിരഞ്ഞെടുപ്പ് കമ്മിഷൻ ഉൾപ്പെടെയുള്ള ഭരണഘടനാസ്ഥാപനങ്ങളെ രാഷ്ട്രീയവത്കരിച്ച കേന്ദ്രസർക്കാരിന് എതിരേയുള്ള വിദ്യാർഥി, യുവജന മുന്നേറ്റമാണ് രാജ്യത്തെങ്ങും ഉയർന്നുവരുന്നതെന്നും ജനകീയ പോരാട്ടങ്ങൾക്ക് കോൺഗ്രസ് നേതൃത്വം വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

യൂത്ത് കോൺഗ്രസ് സംസ്ഥാനപ്രസിഡന്റ് ഒ.ജെ. ജനീഷ് നയിക്കുന്ന ജെൻ ഇന്ത്യാ മൂവ്മെന്റ് റാലി ഒക്ടോബർ 31 -ന് ബാലുശ്ശേരിയിൽ നടത്താൻ തീരുമാനിച്ചു. യൂത്ത് കോൺഗ്രസ് ജില്ലാപ്രസിഡന്റ് ആർ. ഷഹിൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന വർക്കിങ് പ്രസിഡന്റ് ബിനു ചുള്ളിയിൽ മുഖ്യപ്രഭാഷണം നടത്തി. എം.എൽ.എമാരായ വിദ്യാ ബാലകൃഷ്ണൻ, കെ.എം. അഭിജിത്ത്, വി.ടി. സൂരജ്, കെ.പി.സി.സി. വക്താവ് ജിന്റോ ജോൺ, വി.പി. ദുൽഖിഫിൽ, എം.പി. ബബിൻരാജ്, ടി.എം. നിമേഷ്, വൈശാൽ കല്ലാട്ട് തുടങ്ങിയവർ സംസാരിച്ചു. സമാപനസമ്മേളനം മലപ്പുറം ഡി.സി.സി. പ്രസിഡന്റ് വി.എസ്. ജോയ് എം.എൽ.എ. ഉദ്ഘാടനംചെയ്തു.

© 2026 All Rights Reserved. Powered by *Summit (http://www.summitindia.com)*